**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4264** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പ്രസരണമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി പ്രസരണമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ്; | (എ) | 1. കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയും ഭൂമിയുടെ ലഭ്യതക്കുറവും മൂലം പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കാൻ ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.<br>2. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അധിവർഷം/ വെള്ളപ്പൊക്കം/ മണ്ണിടിച്ചിൽ മുതലായവ പുതിയ ലൈനുകളുടെ നിർമ്മാണത്തിനും നിലവിലുള്ള ലൈനുകളുടെ പരിപാലനത്തിനും തടസ്സം സൃഷ്ടിക്കുന്നുണ്ട്.<br>3. മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ (വനം, റെയിൽവേ, ടെലികോം, PWD etc.) നിന്നും നിയമാനുസരണം ലഭിക്കേണ്ടുന്ന അനുമതികൾ വൈകുന്നതിനാൽ പലപ്പോഴും പദ്ധതികളുടെ നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നു.<br>4. വനമേഖലയിലുള്ള പ്രസരണ ലൈനുകളുടെ അറ്റകുറ്റപ്പണികൾക്ക് അപ്രോച്ച് റോഡുകളുടെ മോശമായ അവസ്ഥ പ്രശ്നമായി ബാധിക്കുന്നുണ്ട്.<br>5. പുതിയ ലൈനുകൾക്കായി ടവറുകൾ സ്ഥാപിക്കുമ്പോൾ പൊതുജനങ്ങളുടേയും സ്ഥല ഉടമകളുടേയും ഭാഗത്തു നിന്നുണ്ടാകുന്ന തടസ്സപ്പെടുത്തലുകൾ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നു.<br>6. അനധികൃതമായി പ്രസരണ ലൈനുകളിൽ നിന്നും സുരക്ഷിതമായ അകലം പാലിക്കാതെ നിർമ്മാണ പ്രവർത്തനം നടത്തുന്നത് സുരക്ഷാ ഭീഷണി ഉയർത്തുന്നു.<br>7. ഭൂഗർഭ കേബിളുകളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾക്കായി റോഡ് |

| | | | |
|---|---|---|---|
| | | | കുഴിക്കുന്നതിനും മറ്റും അനുമതി കിട്ടാനുള്ള കാലതാമസം മൂലം വൈദ്യുതി പുന:സ്ഥാപിക്കുന്നതിന് വളരെ അധികം താമസവും ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. |
| (ബി) | വൈദ്യുതി പ്രസരണത്തിലുള്ള നഷ്ടം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ; | (ബി) | വൈദ്യുതിയുടെ പ്രസരണനഷ്ടം കൃത്യമായ ഇടവേളകളിൽ കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖലയുടെ ശാക്തീകരണത്തിനും പ്രസരണ നഷ്ടം കുറയ്ക്കാനുമായി പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, നിലവിലെ ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ വാർഷിക ആസൂത്രണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി 400/220kV പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ് ഗ്രിഡ്2.0 എന്ന സമഗ്രമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. വൈദ്യുതി ശൃംഖലയുടെ മൊത്തത്തിലുള്ള സ്ഥിരതയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. മലബാർ മേഖലയിൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമത്തിനും ഊർജ്ജ ലഭ്യതയ്ക്കും ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ കൂടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 400 കെ.വി. -യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകളും 110 കെ.വി. -യുടെ ഒരു സബ്സ്റ്റേഷനും 4390 സർക്യൂട്ട് കി.മീ. ഹൈ വോൾട്ടേജ് ലൈനുകളും ഉൾപ്പടെ ഏകദേശം 6,125 കോടി രൂപയുടെ ജോലികളാണ് ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ട്രാൻസ് ഗ്രിഡ് പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ പ്രസരണ നഷ്ടത്തിൽ 107.8 MW ന്റെ കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം ശരാശരി 522 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാവുമെന്നും കണക്കാക്കിയിട്ടുണ്ട്. |
| (സി) | വൈദ്യുതി പ്രസരണത്തിലെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിന് ട്രാൻസ്ഗ്രിഡ് പദ്ധതി എത്രത്തോളം പ്രയോജനമുണ്ടാക്കുമെന്ന് വിശദമാക്കാമോ; | (സി) | 400 കെ.വി., 220 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണനഷ്ടം കുറയ്ക്കുന്നതിനും, സംസ്ഥാനത്തെ പ്രസരണ ശൃംഖലയെ അന്തർസംസ്ഥാന ലൈനുകളുമായി കൂടുതൽ ബന്ധിപ്പിച്ച്, കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ആസൂത്രണ |

| | | | |
|---|---|---|---|
| | | | നിലവാരമനുസരിച്ച് അടുത്ത 25 വർഷത്തേക്കാവശ്യമായ പ്രസരണ ശൃംഖല സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുമാണ് ട്രാൻസ് ഗ്രിഡ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായി ഉയർന്ന വോൾട്ടതയിലുള്ള (400 കെ.വി., 220 കെ.വി.) സബ്സ്റ്റേഷനുകളുടെ നിർമ്മാണവും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നുണ്ട്. ഒന്നാം ഘട്ടം (2017-22), രണ്ടാം ഘട്ടം (2019-24), ഗ്രീൻ എനർജി കോറിഡോർ (2022-26) എന്നീ വിഭാഗങ്ങളിലായി 400 കെ.വി.-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകളും 110 കെ.വി.-യുടെ ഒരു സബ്സ്റ്റേഷനും 4390 സർക്യൂട്ട് കി.മീ. ഹൈ വോൾട്ടേജ് ലൈനുകളും ഉൾപ്പെടെ ഏകദേശം 6,125 കോടി രൂപയുടെ ജോലികളാണ് ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ സിംഹഭാഗവും സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി പദ്ധതികളെ ആശ്രയിച്ചാണ് നാം നിറവേറ്റുന്നത്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക വഴി പുറമെ നിന്നുള്ള വൈദ്യുതി, പ്രസരണ നഷ്ടം കുറച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കാനാകും. കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ കുറവു വന്നാലും ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ കൂടാതെ വൈദ്യുതി വിതരണം നടത്തുവാനും കേന്ദ്രവിഹിതം മുഴുവനായും കൃത്യതയോടെ ഉപയോഗപ്പെടുത്തുവാനും കേരളമൊട്ടാകെ തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും ട്രാൻസ് ഗ്രിഡ് പദ്ധതി ഒരു പരിധി വരെ സഹായകമാണ്.<br><br>പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ കേരളത്തിന് പൂർണ്ണമായ രീതിയിൽ 400 കെ.വി. യുടെയും 220 കെ.വി.- യുടെയും പവർ ഹൈവേ നിലവിൽ വരുന്നതിനാൽ കേരളത്തിലെവിടെ ഉത്പ്പാദിപ്പിക്കപ്പെടുന്നതും / പുറമെ നിന്നും ലഭിക്കുന്നതുമായ വൈദ്യുതിയെ ആവശ്യാനുസരണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രസരണനഷ്ടം കുറച്ചും ഗുണമേന്മ ഉറപ്പുവരുത്തിയും എത്തിക്കുവാൻ സാധിക്കും. |
| (ഡി) | ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കിയാൽ സംസ്ഥാനത്തിന്റെ ഗ്രാമീണമേഖല ഉൾപ്പെടെ എല്ലാ ഭാഗത്തും ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് കഴിയുമോ; വിശദമാക്കാമോ? | (ഡി) | വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് പര്യാപ്തമായ രീതിയിൽ പ്രസരണ നഷ്ടം പരമാവധി കുറച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുകയാണ് ട്രാൻസ് ഗ്രിഡ് പദ്ധതി വഴി |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ടുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനോടകം 220 കെ.വി.-യുടെ 9 സബ്സ്റ്റേഷനുകളും 400 കെ.വി. -യുടെ 178 സർക്യൂട്ട് കിലോമീറ്റർ ലൈനും, 220 കെ.വി.-യുടെ 566 സർക്യൂട്ട് കിലോമീറ്റർ ലൈനും, 110 കെ.വി.-യുടെ 653 സർക്യൂട്ട് കിലോമീറ്റർ ലൈനും നിർമ്മാണം പൂർത്തിയാക്കി. ട്രാൻസ് ഗ്രിഡ് പദ്ധതി പൂർത്തീകരിക്കുന്നതോടു കൂടി പ്രസരണ ശൃംഖല ശക്തിപ്പെടുകയും സംസ്ഥാന, അന്തർ സംസ്ഥാന ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി പൂർണ്ണ തോതിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുവാനാവും. അത് വഴി സംസ്ഥാനത്തിന്റെ ഗ്രാമീണമേഖല ഉൾപ്പെടെ മുഴുവൻ പ്രദേശത്തും ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കാനാവും. കൂടാതെ ഗ്രീൻ കോർഡോർ പദ്ധതികളിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ അട്ടപ്പാടി, അഗളി, കോട്ടത്തറ, മണ്ണാർക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ വൈദ്യുതി പ്രതിസന്ധിക്കു പരിഹാരമായി പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും ഇടുക്കി ജില്ലയിലെ രാമക്കൽമേട്, കട്ടപ്പന എന്നിവിടങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. മാത്രമല്ല കാസർഗോഡും വയനാട്ടും പുതിയ 400 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിക്കാൻ ലക്ഷ്യമിട്ടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ